**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2644** **06.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ.സി. കെ. ശശീന്ദ്രൻ**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും വായ്പയെടുത്ത പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; | എ) ബി) & സി) | പട്ടികവർഗ്ഗ വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 01/04/2006 മുതൽ 31/03/2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് ഉത്തരവായിട്ടുണ്ട്. |
| ബി) | ഇത്തരത്തിലുള്ള വായ്പ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; ഇതിനകം എത്ര രൂപയുടെ വായ്പ എഴുതിത്തള്ളി; | | ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 39,52,41,000/-രൂപ കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ വായ്പകൾ എഴുതിതള്ളിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു. |
| സി) | ഇനിയും പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | | |

| വർഷം | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| 2015-16 | 806 | 2,87,90,813/-രൂപ |
| 2016-17 | 1353 | 3,45,75,612/-രൂപ |
| 2017-18 | 1029 | 2,68,52,630/-രൂപ |
| 2018-19 | 87 | 15,15,099/-രൂപ |
| **ആകെ** | **3275** | **9,17,34,154/-രൂപ** |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ നാളിതുവരെയായി അർഹരായ 3275 പട്ടികവർഗ്ഗക്കാരുടെ 9,17,34,154/-രൂപയുടെ കടം എഴുതിതള്ളിയിട്ടുണ്ട്. കൂടാതെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ എഴുതിതള്ളാൻ അർഹരായവരുടെ വിവരങ്ങൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലും വായ്പ എഴുതിതള്ളുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**